**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3344** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി തരം മാറ്റുന്നതിന് പഞ്ചായത്തുകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പുതുക്കാട് മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഭൂമിതരംമാറ്റുന്നതിന് പഞ്ചായത്തുകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നതാണ്. |
| (ബി) | പുതുക്കാട്, അളഗപ്പനഗർ ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ച ഭൂമി തരം മാറ്റൽ അപേക്ഷകളിന്മേൽ അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പുതുക്കാട്, അളഗപ്പ നഗർ, എന്നീ പഞ്ചായത്തുകളിൽ നിന്ന് 4 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(i) അളഗപ്പ നഗർ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിക്കുന്നതിനുള്ള ഭൂമി തരംമാറ്റം അപേക്ഷയിന്മേൽ 01/02/2025 തീയതിയിലെ സ. ഉ. (കൈ) നം. 14/2025/AGRI പ്രകാരം സ്വഭാവവ്യതിയാനം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.<br><br>(ii) പുതുക്കാട് പഞ്ചായത്തിന്റെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ 22/12/2023 തീയതിയിലെ സ. ഉ. (കൈ) നം. 121/2023/AGRI പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.<br><br>(iii) അളഗപ്പ നഗർ പഞ്ചായത്തിന്റെ വാർഡ് 9-ൽ പി. എച്ച്. സി. സബ് സെന്ററിന്റെ കെട്ടിട നിർമ്മാണത്തിന് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷയിന്മേൽ 10/12/2024 തീയതിയിലെ സ. ഉ. (കൈ) നം. 138/2024/AGRI പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.<br><br>(iv) പുതുക്കാട് പഞ്ചായത്തിന്റെ ഭൂവികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരോഗ്യ ഉപകേന്ദ്രം നിർമ്മിക്കുന്നതിന് പ്രോജക്ട് നിലവിലുണ്ടെന്നും, വരും വർഷങ്ങളിൽ വാർഷിക പദ്ധതികളിൽ നിന്ന് വിവിധ |

| | | | |
|---|---|---|---|
| | | | സ്രോതസുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പദ്ധതി ഉണ്ടെന്നും കാണിച്ച് പുതുക്കാട് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ കാർഷികോത്പാദന കമ്മീഷണറുടെ 28/01/2025 തീയതിയിലെ NCA/261/2024-AGRI നമ്പർ കത്തുപ്രകാരം ഭാവി വികസന പ്രവർത്തങ്ങൾക്കായി തരം മാറ്റുന്നതിന് വ്യവസ്ഥയില്ലെന്ന് അറിയിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ ഉപകേന്ദ്രത്തിന് മാത്രമായി 04/03/2025 തീയതിയിൽ പുതിയ ഭൂമി തരം മാറ്റം അപേക്ഷ നൽകിയിട്ടുള്ളതും, ആയതിൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസർക്കും, കൃഷി ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - തൃശ്ശൂർ ജില്ലയിൽ മുകന്ദപുരം താലൂക്ക് അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് ആമ്പല്ലൂർ വില്ലേജ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണത്തിനായി 54.25 ആർസ് ഭൂമി സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ.) വകുപ്പ്**

സ.ഉ.(കൈ) നം.14/2025/AGRI തീയതി,തിരുവനന്തപുരം, 01-02-2025

---

പരാമർശം:- ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസറുടെ 04.12.2024-ലെ RDOIJK/1917/2024/D2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ മുകന്ദപുരം താലൂക്ക് അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് ആമ്പല്ലൂർ വില്ലേജ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുന്നതിലേക്കായി ഭൂമി സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകുന്നതിന് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 27എ(8) പ്രകാരം ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസർ പരാമർശ പ്രകാരം ചുവടെ ചേർക്കുന്ന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി:

"തൃശ്ശൂർ ജില്ല, മുകന്ദപുരം താലൂക്ക്, അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് ആമ്പല്ലൂർ വില്ലേജ് സർവ്വെ 115/1, 115/2 -ൽ ഉൾപ്പെടുന്ന 60.28 ആർസ് ഭൂമിയിൽ ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുള്ളതാണ്. ബി.ടി.ആർ പ്രകാരം നിലമായ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണെന്നും പ്രസ്തുത ഭൂമിയുടെ സ്വഭാവ വ്യതിയാന അനുമതി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുതാണ്.

അപേക്ഷാ വസ്തുവിന്റെ കിഴക്ക് വശം മദ്ധ്യത്തിലായി പടിഞ്ഞാറ് വശം ചരിഞ്ഞ്, ജലസംരക്ഷണ പ്രവൃത്തികൾക്കായി 10% ഭൂമിയായ 0.0603 ഹെക്ടർ (14.89 സെന്റ്) മാറ്റിവച്ചിട്ടുളളതായി കാണപ്പെടുന്നുവെന്നും, ഇതിൽ ഉൾപ്പെടുന്ന ഏകദേശം 8 സെന്റ് സ്ഥലത്ത് 3-4 അടി ആഴത്തിൽ ജലസംരക്ഷണ നടപടികൾ ആരംഭിച്ചിട്ടുള്ളതായും പ്രളയ സാധ്യത കൂടുതലുള്ള പ്രദേശമായതിനാൽ ഉചിതമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ കൃത്യമായി പാലിച്ച് കെട്ടിട നിർമ്മാണവും മറ്റ് അനുബന്ധവികസന പ്രവർത്തികളും നടപ്പിലാക്കുന്നത് ഉചിതമായിരിക്കും എന്നും സമീപ പ്രദേശത്ത് നെൽകൃഷി ചെയ്യുന്നില്ലായെന്നും അളഗപ്പനഗർ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി ആമ്പല്ലൂർ വില്ലേജ് ഓഫീസർ റിപ്പോർട്ട്

സമർപ്പിച്ചിട്ടുള്ളതാണ്. ആമ്പല്ലൂർ വില്ലേജ് സർവ്വെ 115/1, 115/2 ഭൂമി നെല്ലായി സബ് രജിസ്ട്രാർ ഓഫീസിലെ 4154/1982 നമ്പർ ആധാരപ്രകാരം അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പേരിൽ സിദ്ധിച്ചിട്ടുള്ളതും 5596 തണ്ടപ്പേർ പ്രകാരം നികുതി ഒടുക്കി വരുന്നതുമാണ്. ടി ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെടുന്നില്ലയെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത ഭൂമിയിൽ തെക്ക ഭാഗത്തായി നിലവിൽ പണി പൂർത്തിയാക്കാത്ത മൂന്ന് നില കെട്ടിടം സ്ഥിതി ചെയ്യുന്നുവെന്നും, ടി കെട്ടിടത്തിന്റെ മുൻവശത്തായി വെള്ളം നിറഞ്ഞ കുഴിയും അതിനോട് ചേർന്ന് ഉപയോഗശൂന്യമായ കംഫോർട്ട് സ്റ്റേഷനും കാണുന്നുവെന്നും, പ്രസ്തുത ഭൂമിയുടെ വടക്കുവശത്ത് PWD റോഡിനോട് ചേർന്ന് സുമാർ 15 വർഷം പഴക്കം ചെന്ന ഇരുനില കെട്ടിടം സ്ഥിതി ചെയ്യുന്നുവെന്നും, ടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കൊടകര ബ്ലോക്ക് മൾട്ടി പർപ്പസ് സൊസൈറ്റിയും, താഴത്തെ നിലയിൽ അക്ഷയ സെന്റർ, വനിതാ വിവിധോദ്ദേശ സഹകരണ സംഘം, ആമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവ സ്ഥിതി ചെയ്യുന്നുവെന്നും, പ്രസ്തുത ഇരുനില കെട്ടിടത്തിന്റെ കിഴക്കു വശത്തു അളഗപ്പ നഗർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളും, അക്ഷയ എന്നു പേരിൽ ഒരു ഹോട്ടലും കാണപ്പെടുന്നുവെന്നും മറ്റ് ചമയങ്ങളൊന്നുമില്ല എന്നും ആമ്പല്ലൂർ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അപേക്ഷാ ഭൂമിയുടെ കിഴക്ക് പഞ്ചായത്ത് റോഡും, തെക്ക് നെരേപറമ്പിൽ ജോർജ് വക ഭൂമിയും വടക്ക് PWD റോഡു പടിഞ്ഞാറ് നെരേപറമ്പിൽ ജോർജ്ജ് മുതൽപേർ വക ഭൂമിയും കാണപ്പെടുന്നുവെന്നും, അപേക്ഷാ ഭൂമിക്ക് സമീപം നെൽവയലുകളില്ല എന്നും ,ടി ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമീപ ഭൂമികളെ ദോഷകരമായി ബാധിക്കുകയില്ല എന്നും സ്വഭാവ വ്യതിയാനം അനുവധിക്കാവുന്നതാണെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്".

ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസർ കാര്യാലയത്തിൽ നിന്നും സ്ഥലപരിശോധന നടത്തിയതിൽ നിലവിൽ നികത്തുഭൂമിയായും ,ടി ഭൂമിയിൽ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുവെന്നു ബോദ്ധ്യപ്പെട്ടുള്ളതാണെന്നും, ചെറിയ കുളവും അതിർത്തി ഭാഗം ജലസംരക്ഷണത്തിനായി മാറ്റി വച്ചതും പര്യാപ്തമാണെന്നും റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംങ്ങ് കോപ്ലക്സ് പണികഴിപ്പിക്കുന്നതിലേക്കായി മേൽ പരാമർശിച്ച ആമ്പല്ലൂർ വില്ലേജിലെ സർവ്വെ നം. 115/1, 115/2 -ൽ ഉൾപ്പെടുന്ന 60.28 ആർസ് ഭൂമിക്ക് സ്വഭാവ വ്യതിയാനം അനുവദിക്കാവുന്നതാണെന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. മേൽ റിപ്പോർട്ട് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 27(എ)(9) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ മുകന്ദപുരം താലൂക്ക്, അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് ആമ്പല്ലൂർ വില്ലേജ് സർവ്വെ നം.115/1, 115/2 ൽ ഉൾപ്പെടുന്ന 60.28 ആർസ് ഭൂമിയിൽ 6.03 ആർസ് ഭൂമി ജലസംരക്ഷണത്തിന് നീക്കിവച്ച ശേഷമുള്ള 54.25 ആർസ് ഭൂമി ചുവടെ ചേർക്കുന്ന വ്യവസ്ഥയ്ക്ക് വിധേയമായി ആമ്പല്ലൂർ വില്ലേജ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സ്വഭാവവ്യതിയാനം വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പ്രളയ സാധ്യത കൂടുതലുള്ള പ്രദേശമായതിനാൽ ഉചിതമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ

കൃത്യമായി പാലിച്ച് കെട്ടിട നിർമ്മാണവും മറ്റ് അനുബന്ധവികസന പ്രവർത്തികളും നടപ്പിലാക്കേണ്ടതാണ്.

3. പ്രസ്തുത വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

(1) ജില്ലാ കളക്ടർ, തൃശ്ശൂർ.
(2) റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട, തൃശ്ശൂർ.
(3) സെക്രട്ടറി, അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത്, ആമ്പല്ലൂർ, തൃശ്ശൂർ.
(4) കൃഷി ഓഫീസർ, അളഗപ്പനഗർ, തൃശ്ശൂർ.
(5) വില്ലേജ് ഓഫീസർ, അളഗപ്പനഗർ, തൃശ്ശൂർ.
(6) വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
(7) കരുതൽ ഫയൽ/ഓഫിസ് കോപ്പി (ഫയൽ നം. NCA2/320/2024-AGRI )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
(1) കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
(2) കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പുതുക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - തൃശ്ശൂർ ജില്ലയിൽ തൊറവ് വില്ലേജിൽ 24.29 ആർസ് നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(എൻ.സി.എ.)വകുപ്പ്**

**സ.ഉ.(കൈ) നം.121/2023/AGRI തീയതി,തിരുവനന്തപുരം, 22-12-2023**

---

പരാമർശം:- 1. ശ്രീമതി.ശാലിനി മാണിക്കത്ത് കൊല്ലപ്പറമ്പിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി) നം.19233/2018-മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 13.07.2018-ലെ വിധിന്യായം.

2. തൊറവ് വില്ലേജ് ഓഫീസർ സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത പുതുക്കാട് കൃഷി ഓഫീസറുടെ പികെഡി/17/2023-24 നമ്പർ റിപ്പോർട്ട്.

3. 06.10.2023-ലെ സംസസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ തൊറവ് വില്ലേജിൽ സർവ്വേ നം.190/-5 ൽ ഉൾപ്പെട്ട 20.18 ആർസ്, 190/6 ൽ ഉൾപ്പെട്ട 4.11 ആർസ് (ആകെ - 24.29 ആർസ്) നിലം പുതുക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് തൊറവ് വില്ലേജ് ഓഫീസർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 06.10.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"തൃശ്ശൂർ ജില്ലയിൽ തൊറവ് വില്ലേജിൽ സർവ്വേ നം.190/-5 ൽ ഉൾപ്പെട്ട 20.18 ആർസ്, 190/6 ൽ ഉൾപ്പെട്ട 4.11 ആർസ് (ആകെ - 24.29 ആർസ്) നിലം പരിവർത്തനപ്പെടുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി തൊറവ് വില്ലേജ് ഓഫീസർ സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു. ഭൂമിയുടെ വിസ്തീർണ്ണം 20.2ആറിൽ അധികമായതിനാൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 6(2) പ്രകാരം ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി മാറ്റിവയ്ക്കണമെന്നും, പ്രസ്തുത സ്ഥലത്തിന്റെ കിഴക്ക് വശത്തു കൂടിയുള്ള തോടിന്റെ നീരൊഴുക്കിന് തടസ്സപ്പെടുത്താത്ത രീതിയിൽ നിർമ്മാണം നടത്തണമെന്ന വ്യവസ്ഥയിലും പരിവർത്തനാനുമതി നൽകാവുന്നതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പ്രസ്തുത 24.29 ആർസ് ഭൂമി 10% ജലസംരക്ഷണത്തിനായി മാറ്റിവച്ചതിന്

ശേഷമുള്ള ഭൂമിയായതിനാൽ (ജലസംരക്ഷണം - 190/-5 ൽ ഉൾപ്പെട്ട 2.16 ആർസ്, 190/6 ൽ ഉൾപ്പെട്ട 0.52 ആർസ്), പ്രസ്തുത സ്ഥലത്തിന്റെ കിഴക്ക് വശത്തു കൂടിയുള്ള തോടിന്റെ നീരൊഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിൽ നിർമ്മാണം നടത്തണമെന്ന വ്യവസ്ഥയിലും, പരാമർശം (1) വിധിന്യായം പ്രകാരമുള്ള കെ.എസ്.ആർ.ഇ.സി റിപ്പോർട്ടിന്റെയും സ്ഥല പരിശോധനയുടേയും അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയിലെ കൃഷിയെ ബാധിക്കരുത് എന്ന വ്യവസ്ഥയിലും, തൃശ്ശൂർ ജില്ലയിൽ തൊറവ് വില്ലേജിൽ സർവ്വേ നം.190/-5 ൽ ഉൾപ്പെട്ട 20.18 ആർസ്, 190/6 ൽ ഉൾപ്പെട്ട 4.11 ആർസ് (ആകെ - 24.29 ആർസ്) നിലം പുതുക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ജില്ല കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടി സെക്രട്ടറി

(1) വില്ലേജ് ഓഫീസർ,തൊറവ്.
(2) ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
(3) ജില്ലാ കളക്ടർ, തൃശ്ശൂർ.
(4) പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, തൃശ്ശൂർ.
(5) ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
(6) ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.
(7) കൃഷി ഓഫീസർ, പുതുക്കാട്, തൃശ്ശൂർ.
(8) വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
(9) കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/214/2023-AGRI]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്ക് അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് ആമ്പല്ലൂർ വില്ലേജ് വാർഡ് 9 ൽ PHC സബ് സെൻ്റർ കെട്ടിടം നിർമ്മാണത്തിനായി 2.02 ആർസ് ഭൂമി സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി(എൻ.സി.എ. ) വകുപ്പ്**

സ.ഉ.(കൈ) നം.138/2024/AGRI തീയതി,തിരുവനന്തപുരം, 10-12-2024

പരാമർശം:- ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസറുടെ 30.06.2024-ലെ ബി5-1863/2024 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ PHC സബ് സെൻ്റർ കെട്ടിടം പണിയുന്നതിന് ഭൂമി സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകുന്നതിന് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വകുപ്പ് 27എ(8) പ്രകാരം ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസർ പരാമർശ പ്രകാരം ചുവടെ ചേർക്കുന്ന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി:

"തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്ക് അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് ആമ്പല്ലൂർ വില്ലേജ് വാർഡ് 9 ൽ PHC സബ് സെൻ്റർ കെട്ടിടം പണിയുന്നതിന് വരന്തരപ്പിള്ളി വില്ലേജിൽ ശ്രീ.ജോയ്, കല്ലനാനിക്കൽ എന്നവർ ടിയാൻ്റെ കൈവശത്തിലുള്ള ആമ്പല്ലൂർ വില്ലേജ് സർവ്വെ 1211/1 ൽ 2.02 ആർ ഭൂമി അളഗപ്പനഗർ ഗ്രാമ പഞ്ചായത്തിന് വിട്ട് നൽകിയിട്ടുള്ളതാണ്. ബി.ടി.ആർ പ്രകാരം നിലമായ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണെന്നും പ്രസ്തുത ഭൂമിയുടെ സ്വഭാവ വ്യതിയാന അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഭൂമി പ്രാദേശികതല നിരീക്ഷണ സമിതി പരിശോധിച്ച എന്നും അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും അളഗപ്പനഗർ കൃഷി ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി ആമ്പല്ലൂർ വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആമ്പല്ലൂർ വില്ലേജ് സർവ്വെ 1211/1 ൽ 2.02 ആർ ഭൂമി വരന്തപ്പിള്ളി വില്ലേജിൽ കല്ലനാനിക്കൽ മത്തായി മകൻ ജോയ് എന്നവരുടെ കൈവശത്തിൽ നിന്നും നെല്ലായി സബ് രജിസ്റ്റാർ ഓഫീസിലെ 3237/2022 നമ്പർ ദാനാധാര പ്രകാരം അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പേരിൽ സിദ്ധിച്ചിട്ടുള്ളതും 14156 തണ്ടപ്പേർ പ്രകാരം നികുതി ഒടുക്കി വരുന്നതുമാണ്. സർവ്വെ 1211/1 ൽ ഉൾപ്പെട്ട ഭൂമി ബി.ടി.ആർ പ്രകാരം നിലമായി

രേഖപ്പെടുത്തിയിട്ടുള്ളതും നിലവിൽ പുരിയിടസമാനമായി കാണപ്പെടുന്നതാണെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർ പ്പിച്ചിട്ടുണ്ട്. അപേക്ഷാ ഭൂമിയുടെ പടിഞ്ഞാറെ അതിരിൽ തോട് കാണപ്പെടുന്നുവെന്നും മറ്റ് അതിരുകളിൽ നികത്തപ്പെട്ട ഭൂമിയാണ് കാണുന്നതെന്നും അപേക്ഷാ ഭൂമിക്ക് സമീപം നെൽവയലുകളില്ല എന്നും ടി ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമീപ ഭൂമികളെ ദോഷകരമായി ബാധിക്കുകയില്ല എന്നും, സ്വഭാവ വ്യതിയാനം അനുവദിക്കാവുന്നതാണെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. സ്ഥലപരിശോധനയിൽ മേൽപ്പടി കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള PHC സബ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ആമ്പല്ലൂർ വില്ലേജിലെ സർവ്വെ നം. 1211/1 ലെ 2.02 ആർ ഭൂമിക്ക് സ്വഭാവവ്യതിയാനം അനുവദിക്കാവുതാണ്."

2. മേൽ റിപ്പോർട്ട് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 27(എ)(9) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്ക് അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് ആമ്പല്ലൂർ വില്ലേജ് വാർഡ് 9 ൽ PHC സബ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് ആമ്പല്ലൂർ വില്ലേജിലെ സർവ്വെ നം. 1211/1 ലെ 2.02 ആർസ് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പരിവർത്തനം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

(1) ജില്ലാ കളക്ടർ, തൃശ്ശൂർ.
(2) റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട, തൃശ്ശൂർ.
(3) സെക്രട്ടറി, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
(4) കൃഷി ഓഫീസർ, അളഗപ്പനഗർ, തൃശ്ശൂർ.
(5) വില്ലേജ് ഓഫീസർ, ആമ്പല്ലൂർ, തൃശ്ശൂർ.
(6) വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
(7) കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. AGRI-NCA2/260/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
(1) കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
(2) കാർഷികോൽപ്പാദന കമ്മീഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.NCA2/261/2024-AGRI

കൃഷി (എൻ.സി.എ. )വകുപ്പ്
28-01-2025,തിരുവനന്തപുരം

പ്രേഷകൻ

കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട, തൃശ്ശൂർ

സർ,

വിഷയം:- കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - ഭൂമി തരം മാറ്റം - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 30.08.2024, 29.11.2024-ലെ D5-4107/2024 നമ്പർ റിപ്പോർട്ടുകൾ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. തൃശ്ശൂർ ജില്ല മുകുന്ദപുരം താലൂക്ക്, തൊറവ് വില്ലേജ് പുതുക്കാട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണതയിലും അധീനതയിലും ഉൾപ്പെട്ട സർവ്വെ 185-ലെ 0.1494 ഹെ., സർവ്വെ 186-ലെ 0.1098 ഹെ. (ആകെ 0.2592 ഹെ.) ഭൂമി വികസന ക്ഷേമപ്രവർത്തനത്തിനായി ഹെൽത്ത് ഗ്രാൻഡ് ഉപയോഗിച്ച് ആരോഗ്യ ഉപകേന്ദ്രം നിർമ്മിക്കുന്നതിന് പ്രോജക്ട് നിലവിലുണ്ടെന്നും, വരും വർഷങ്ങളിൽ വാർഷിക പദ്ധതികളിൽ വിവിധ സ്രോതസ്സുകളിൽനിന്നുള്ള ഫണ്ട് ഉൾപ്പെടുത്തി ഓഫീസ് കം ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണത്തിനായി പ്രോജക്ടുകൾ ഏറ്റെടുക്കുക വഴി തനത് വരുമാനം വർധിപ്പിക്കുന്നതിനുമായുള്ള വികസന പ്രവർത്തങ്ങൾക്കാണ് പ്രസ്തുത ഭൂമി തരം മാറ്റുന്നതെന്ന് പുതുക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായാണ് താങ്കൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 2(xiv) പ്രകാരം "പൊതു ആവശ്യം" എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികളുടെയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികളുടെയും ആവശ്യം എന്നർത്ഥമാകുന്നു.

മേൽ സാഹചര്യത്തിൽ ഭാവി വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഇപ്പോഴേ തരം മാറ്റുന്നതിന് അനുമതി നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമായ ശേഷം, പ്രസ്തുത സാമ്പത്തിക സഹായം വിനിയോഗിച്ച് എന്ത് ആവശ്യത്തിലേക്കാണ് ഭൂമി തരം മാറ്റുന്നത് എന്ന് വ്യക്തമാക്കി അപേക്ഷ സമർപ്പിക്കുവാൻ പുതുക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ANJALY V S

ഡെപ്യൂട്ടി സെക്രട്ടറി

കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്: സെക്രട്ടറി, പുതുക്കാട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ. (അറിവിലേയ്ക്കായി).